പതിമൂന്നാം കേരള നിയമസഭ
അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 867 — 13/06/2012-ൽ മറുപടിക്ക്

**വീട്ടിപ്പാറ-പനക്കച്ചാൽ എസ്.റ്റി.കോളനി റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി**

ചോദ്യം — മറുപടി

ശ്രീ.സി.മോയിൻകുട്ടി : — കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൂടരഞ്ഞി പഞ്ചായത്തിലെ വീട്ടിപ്പാറ-പനക്കച്ചാൽ എസ്.റ്റി. കോളനി റോഡ് ഗതാഗത യോഗ്യമാക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | തിരുവമ്പാടി പഞ്ചായത്തിലെ വീട്ടിപ്പാറ-പനക്കച്ചാൽ റോഡിന്റെ ആദ്യഭാഗം ബഹു.എം.പി. ശ്രീ.എം.ഐ.ഷാനവാസിന്റെ പ്രദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ ഫീസിബിലിറ്റി റിപ്പോർട്ട്, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. പനക്കച്ചാൽ കോളനി റോഡിന്റെ ശേഷിച്ച പ്രവൃത്തി ചെയ്യുന്നതിന് 2011-12 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 45.10 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക പ്രവൃത്തി ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ബി) | 2012-13 വർഷത്തെ കോർപ്പസ് ഫണ്ടിൽ നിന്നും ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | 2011-12 വർഷത്തെ കോർപ്പസ് ഫണ്ടിൽ പദ്ധതിയ്ക്ക് തുക അനുവദിച്ചതിനാൽ 2012-13 വർഷത്തിൽ തുക അനുവദിക്കേണ്ടതായ ആവശ്യമുണ്ടെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ